**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4713** **29-10-2021 - ൽ മറുപടിയ്ക്ക്**

**മീൻ വളർത്തലിനുള്ള ധനസഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | **Shri Saji Cherian**<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | മീൻ വളർത്തലും അക്വേറിയവും പ്രോത്സാഹിപ്പിക്കാൻ എന്തെങ്കിലും ധനസഹായം വകുപ്പിൽ നിന്നും നൽകുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ; | (എ) | മീൻ വളർത്തൽ പ്രോത്സാഹിപ്പിക്കാൻ മത്സ്യകൃഷിയുടെ ഗുണഭോക്താക്കളായ കർഷകർക്ക് ഓരോ കൃഷി രീതിക്കനുസൃതമായി പുതുതായി സ്ഥാപിക്കുന്ന യൂണിറ്റുകൾക്ക് യൂണിറ്റ് തുകയുടെ 40% ധനസഹായം ജനകീയ മത്സ്യകൃഷി- സുഭിക്ഷ കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി നൽകുന്നു. കൂടാതെ മുൻ വർഷങ്ങളിൽ സ്ഥാപിച്ച യൂണിറ്റുകൾക്ക് ആവർത്തന ചെലവിന്റെ 20% വും ധനസഹായമായി നൽകുന്നു. അലങ്കാര മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി PMMSY പദ്ധതിയിൽ ഉൾപ്പെടുത്തി 300 ചെറുകിട യൂണിറ്റുകൾ, 50 ഇടത്തരം യൂണിറ്റുകൾ, 20 ഇൻറഗ്രേറ്റഡ് യൂണിറ്റുകൾ തുടങ്ങിയവ സ്ഥാപിക്കുന്നതിനായി 18 കോടി രൂപയുടെ പദ്ധതി കേന്ദ്ര സർക്കാരിന്റെ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | ഇവ ആരംഭിക്കുന്നതിന് ലൈസൻസ് ആവശ്യമുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (ബി) | മീൻ വളർത്തുന്നതിന് 2010-ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും ആക്ടും അതിനനുസൃതമായുള്ള ചട്ടങ്ങളും അനുസരിച്ച് രജിസ്ട്രേഷനും ലൈസൻസും നേടിയിരിക്കേണ്ടതാണ്. 2020-ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും (ഭേദഗതി) ഓർഡിനൻസ് 8 സി (1) പ്രകാരം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റോ ലൈസൻസോ നേടാത്ത യാതൊരാളും വ്യാവസായിക അടിസ്ഥാനത്തിൽ അലങ്കാര മത്സ്യങ്ങളുടെ വിപണനത്തിൽ ഏർപ്പെടാനോ ടിക്കറ്റ് സമ്പ്രദായം വഴി തുക ഈടാക്കിക്കൊണ്ട് അലങ്കാര മത്സ്യങ്ങളെയും ഇതര മത്സ്യങ്ങളെയും 30 ദിവസത്തിൽ കൂടുതൽ കാലത്തേക്ക് പ്രദർശിപ്പിക്കുവാനോ പാടുള്ളതല്ല എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ഒരു അലങ്കാര മത്സ്യ ഉല്പാദന യൂണിറ്റിൽ നിന്നും അലങ്കാര മത്സ്യങ്ങൾ വില്പന നടത്തുന്നതിനും വീടുകളിൽ ചില്ല് പേടകങ്ങളിൽ അലങ്കാര മത്സ്യങ്ങളെ |

| | | | |
|---|---|---|---|
| | | | പ്രദശിപ്പിക്കുന്നതിനും ഈ ഉപവകുപ്പിലെ വ്യവസ്ഥകൾ ബാധകമല്ലായെന്ന് പരാമർശിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ